(ബി) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റും (CWRDM) കോഴിക്കോട് കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും ഗുണനിലവാര പരിശോധന സ്ഥിരമായി നടത്തിവരാറുണ്ട്.

(സി&ഡി) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനിലെ എയർ വാൽവിന്റെ അറ്റകുറ്റപണികൾ 15-6-2015-ൽ നടത്തിയ തിനുശേഷം വിതരണം പുനരാരംഭിച്ചപ്പോൾ കുടിവെള്ളത്തിൽ ടർബിഡിറ്റി, ഇരുമ്പ് എന്നിവയുടെ അളവ് അനുവദനീയമായ അളവിൽ കൂടുതലാണെന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. പരിഹാര നടപടികൾ കൈക്കൊണ്ടു. നിലവിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ അനുവദനീയമായ അളവിലും കൂടുതലായി ഇരുമ്പിന്റെ അംശം കാണപ്പെടുന്നില്ല. ഈ പ്രശ്നം ആവർത്തിക്കാതിരിക്കാൻ വേണ്ടതായ ശുദ്ധീകരണ പ്രക്രിയകൾ ഫലപ്രദമായി നടത്തി വരുന്നുണ്ട്.

അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT)

193 (3628) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിവാസികളുടെ കുടിവെള്ള വിതരണ പദ്ധതിയായ അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT)-ന്റെ കാലിക സ്ഥിതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനമാണ് പൂർത്തിയായത് ;

(സി) പ്രധാന പമ്പ് ഹൗസിലേക്കുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കിയോ ; വിശദാംശം നൽകാമോ ;

(ഡി) ഈ പദ്ധതിയിൽ നിന്നും ഒറ്റപ്പാലം നിവാസികൾക്ക് എന്ന് കുടിവെള്ളം ലഭ്യമായി തുടങ്ങും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT) ശുദ്ധജല വിതരണ പദ്ധതിയുടെ ആകെയുള്ള ആറ് ഘടകങ്ങളിൽ തടയണ ഒഴികെ എല്ലാ ഘടകങ്ങളുടെയും

LIBRARY ARCHIVES Kerala Legislative Assembly

പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പമ്പ് ഹൗസുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുണ്ട്. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങളായ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ വിതരണ ശൃംഖല സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രധാന പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിച്ചെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഇതിനായി കെ.എസ്.ഇ.ബി.യിൽ 22-9-2014-ന് 23 ലക്ഷം രൂപയും 19-6-2015-ന് 24.10 ലക്ഷം രൂപയും (ആകെ 47.10 ലക്ഷം രൂപ) കേരള വാട്ടർ അതോറിറ്റി അടച്ചിട്ടുണ്ട്.

(ഡി) ഒറ്റപ്പാലം അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT) ഒറ്റപ്പാലം കുടിവെള്ള പദ്ധതി ഡിസംബർ 2015 ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ദേശീയ ഉൾനാടൻ ജലപാതകളുടെ വികസനം

194 (†3630) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് അനുമതിനൽകി കഴിഞ്ഞ സാഹചര്യത്തിൽ പ്രദേശീയ ചരക്കുഗതാഗതത്തിന് ഏറ്റവും ഉപയോഗപ്രദമായ ഉൾനാടൻ ജലപാതാ വികസനക്കാര്യത്തിൽ അടിയന്തര ശ്രദ്ധ ഉണ്ടാകുമോ ;

(ബി) കോവളം-കൊല്ലം ജലപാതയുടെ നിർമ്മാണത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയും ചെയ്തുതീർത്ത ജോലികളും കടത്തികൊണ്ടുപോയ മണലിന്റെ വ്യാപ്തിയും സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ദേശീയ ജലപാത വികസനകാര്യത്തിൽ മലബാർ മേഖലയിൽ ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താനുണ്ടെന്നും ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും സംബന്ധിച്ച വിശദവിവരം നൽകുമോ ?

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly